"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം ഹാർബർ ഏരിയ ഗവ.എൽ.പി.സ്കൂൾ - യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.97/2025/GEDN തീയതി,തിരുവനന്തപുരം, 30-05-2025

---

പരാമർശം:-

1. വിഴിഞ്ഞം തെക്കുംഭാഗം മുസ്ലിം ജമാഅത്ത് സെക്രട്ടറി സമർപ്പിച്ച 03.10.2021 ലെയും 21/02/2022-ലെയും നിവേദനനവും സ്കൂൾ അധികാരികൾ സമർപ്പിച്ച 13.09.2021 -ലെയും 14/10/2021-ലെയും നിവേദനനവും.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17/12/2021, 21/02/2022- എന്നീ തിയതികളിലെ NS(3)/5650/2018/DGE നമ്പർ കത്ത്, 28/01/2025-ലെ ഡി.ജി.ഇ/15540/2024-എൻഎസ്3 നമ്പർ കത്ത്.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 18/07/2024-ലെ DCTVM/13868/2023-A6 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം ഹാർബർ ഏരിയ ഗവ.എൽ.പി.സ്കൂൾ, യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്യണമെന്ന് ആവ വശ്യപ്പെട്ടുകൊണ്ട് വിഴിഞ്ഞം തെക്കുംഭാഗം മുസ്ലിം ജമാഅത്ത് സെക്രട്ടറിയും സ്കൂൾ അധികാരികളും പരാമർശം ( 1 ) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2. പ്രസ്തുത വിഷയം സംബന്ധിച്ച് വിദ്യാഭ്യാസ അധികാരികൾ ലഭ്യമാക്കിയ റിപ്പോർട്ടിൽ, വിഴിഞ്ഞം ഗവ.എച്ച്.എ.എൽ.പി സ്കൂളിൽ 1 മുതൽ 4 വരെ ക്ലാസുകളിലായി 300 ഓളം കുട്ടികൾ ഉണ്ടെന്നും ഈ സ്കൂളിന്റെ 3 കിലോമീറ്റർ പരിധിയിൽ 2 എൽ.പി. വിദ്യാലയങ്ങൾ മാത്രമാണുള്ളതെന്നും സൂചിപ്പിച്ചിട്ടുണ്ട്. അപ്പർ പ്രൈമറി പ്രവർത്തിക്കുവാൻ വേണ്ട ക്ലാസ് മുറികളും, ലാബ്, ലൈബ്രറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും സ്കൂളിനുണ്ട്. ഈ വിദ്യാലയത്തിന് 5 കിലോമീറ്റർ ചുറ്റളവിൽ തുടർ പഠനത്തിനായി മറ്റു വിദ്യാലയങ്ങൾ ഇല്ല. നാലാം ക്ലാസ് പഠനം പൂർത്തിയാക്കിയാൽ തുടർ പഠനത്തിനായി ഭൂരിപക്ഷം കുട്ടികളും ദൂരെയുള്ള ബോർഡിംഗ് മദ്രസ്സ സ്കൂളുകളെയാണ് ആശ്രയിക്കുന്നത്. സ്കൂൾ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് 08.12.2023-ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ,

വിഴിഞ്ഞം ഗവ.എച്ച്.എ.എൽ.പി.എസ്, യു.പി.എസ് ആയി ഉയർത്തുന്നതിലേയ്ക്കായി 50 സെന്റ് ഭൂമി ജില്ലാ കളക്ടറുടെ 12.01.2024 ലെ ബി2/351885/2021 നമ്പർ നടപടിക്രമം പ്രകാരം ഹാർബർ ഏരിയ എൽ.പി.എസ്. ന് അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. കൂടാതെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും സ്കൂളിന് സമീപത്തായി ഒരേക്കർ ഭൂമി പൊതുജനങ്ങൾക്കായി അനുവദിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. ടി ഭൂമി ലഭിക്കുന്ന മുറക്ക് കുട്ടികൾക്ക് കളി സ്ഥലമായി വിനിയോഗിക്കുവാൻ കഴിയുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. തീരദേശത്തെ കുട്ടികൾ പഠിക്കുന്ന സ്കൂൾ എന്നതിന്റെ അടിസ്ഥാനത്തിലും ഈ വിദ്യാലയത്തിന് 5 കിലോമീറ്റർ ചുറ്റളവിൽ തുടർ പഠനത്തിനായി മറ്റുവിദ്യാലയങ്ങൾ നിലവിൽ ഇല്ല എന്ന വസ്തുത പരിഗണിച്ചും അധ്യാപക/അനധ്യാപക ജീവനക്കാരുടെ ആവശ്യകത പുനർവിന്യാസം വഴി നിറവേറ്റണമെന്ന വ്യവസ്ഥയിലും വിഴിഞ്ഞം ഹാർബർ ഏരിയ ഗവ.എൽ.പി.സ്കൂൾ, യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

റാണി ജോർജ്ജ്

പ്രിൻസിപ്പൽ സെക്രട്ടറി

1.. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, തിരുവനന്തപുരം
3.ചീഫ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് വകുപ്പ്, മണക്കാട്, തിരുവനന്തപുരം
4. വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം
5. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര
6. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ബാലരാമപുരം
7. ഹെഡ്മാസ്റ്റർ, വിഴിഞ്ഞം ഹാർബർ ഏരിയ ഗവ. എൽ.പി. സ്കൂൾ, വിഴിഞ്ഞം തിരുവനന്തപുരം.
8. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), തിരുവനന്തപുരം
9. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. 2985, തിയതി 28.05.2025)
10. ധനകാര്യവകുപ്പ്/മൽസ്യബന്ധന തുറമുഖ വകുപ്പ്/റവന്യൂ വകുപ്പ്
11. കരുതൽ ഫയൽ /കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Deepu B

Date: 30-05-2025 14:15:16

സെക്ഷൻ ഓഫീസർ

JS / Rh 27/5/25

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-05-2025

ഫയൽ നം. പൊ.വി.വ.-എഫ്3/265/2022/പൊ.വി.വ. ഇനം നം: 2985

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - വിഴിഞ്ഞം ഹാർബർ ഏരിയ ഗവ. എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

2985.

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | പൊ.വി.വ.-എഫ്3/265/2022/പൊ.വി.വ. |
| 2 | വകുപ്പ് | പൊതു വിദ്യാഭ്യാസ (എഫ്) വകുപ്പ് |
| 3 | വിഷയം | പൊതു വിദ്യാഭ്യാസ വകുപ്പ് - വിഴിഞ്ഞം ഹാർബർ ഏരിയ ഗവ.എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10/05/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ള താണോ? | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്? | ശ്രീ. ബിജുകുമാർ ബി.റ്റി. |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. റാണി ജോർജ്ജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 17/05/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24/05/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി. ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 24/05/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26.5.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം ഹാർബർ ഏരിയ ഗവ.എൽ.പി.സ്കൂൾ യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്യണം എന്ന ആവശ്യം സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ വിഴിഞ്ഞം ഗവ.എച്ച്.എ.എൽ.പി സ്കൂളിൽ 1 മുതൽ 4 വരെ ക്ലാസുകളിലായി 300 ഓളം കുട്ടികൾ ഉണ്ടെന്നും ഈ സ്കൂളിന്റെ 3 കിലോമീറ്റർ പരിധിയിൽ 2 എൽ.പി. വിദ്യാലയങ്ങൾ മാത്രമാണുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്പർ പ്രൈമറി പ്രവർത്തിക്കുവാൻ വേണ്ട ക്ലാസ് മുറികളും, ലാബ്, ലൈബ്രറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും സ്കൂളിനുണ്ട്. ഈ വിദ്യാലയത്തിന് 5 കിലോമീറ്റർ ചുറ്റളവിൽ തുടർപഠനത്തിനായി മറ്റു വിദ്യാലയങ്ങൾ ഇല്ല. നാലാം ക്ലാസ് പഠനം പൂർത്തിയാക്കിയാൽ തുടർ പഠനത്തിനായി ഭൂരിപക്ഷം കുട്ടികളും ദൂരെയുള്ള ബോർഡിംഗ് മദ്രസ്സ സ്കൂളുകളെയാണ് ആശ്രയിക്കുന്നത്. സ്കൂൾ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് 08.12.2023-ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വിഴിഞ്ഞം ഗവ.എച്ച്.എ.എൽ.പി.എസ്, യു.പി.എസ് ആയി ഉയർത്തുന്നതിലേയ്ക്കായി 50 സെന്റ് ഭൂമി ജില്ലാ കളക്ടറുടെ 12.01.2024 ലെ ബി2/351885/2021 നമ്പർ നടപടിക്രമം പ്രകാരം ഹാർബർ ഏരിയ എൽ.പി.എസ്. ന് അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. കൂടാതെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും സ്കൂളിന് സമീപത്തായി ഒരേക്കർ ഭൂമി പൊതുജനങ്ങൾക്കായി അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ടി ഭൂമി ലഭിക്കുന്ന മുറക്ക് കുട്ടികൾക്ക് കളി സ്ഥലമായി വിനിയോഗിക്കുവാൻ കഴിയുന്നതുമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ടി വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു..

"വിഴിഞ്ഞം ഗവ. ഹാർബർ ഏരിയ എൽ.പി.എസ്., യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനായി മതിയായ ഭൗതിക സാഹചര്യങ്ങൾ ടി സ്കൂളിൽ ലഭ്യമായിട്ടുണ്ടെന്ന് ഭരണ വകുപ്പ് ഉറപ്പാക്കണമെന്ന വ്യവസ്ഥയിലും, സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകാതെ അധ്യാപക/അനധ്യാപക ജീവനക്കാരുടെ ആവശ്യകത പുനർവിന്യാസം വഴി നിറവേറ്റണമെന്ന വ്യവസ്ഥയിന്മേലും ധനകാര്യവകുപ്പ് അംഗീകാരം നൽകുന്നു.

ഇതിന് ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

4. ഫയൽ ഉത്തരവിനായി ബഹു. മുഖ്യമന്ത്രിക്ക് ബഹു.തൊഴിലും വിദ്യാഭ്യാസവും വകുപ്പ് മന്ത്രി മുഖേന ചംക്രമണം ചെയ്തപ്പോൾ, മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

## തീരുമാനമെടുക്കേണ്ട വിഷയം

തീരദേശത്തെ കുട്ടികൾ പഠിക്കുന്ന സ്കൂൾ എന്നതിന്റെ അടിസ്ഥാനത്തിലും ഈ വിദ്യാലയത്തിന് 5 കിലോമീറ്റർ ചുറ്റളവിൽ തുടർപഠനത്തിനായി മറ്റുവിദ്യാലയങ്ങൾ നിലവിൽ ഇല്ല എന്ന വസ്തുത പരിഗണിച്ചും അധ്യാപക/അനധ്യാപക ജീവനക്കാരുടെ ആവശ്യകത പുനർവിന്യാസം വഴി നിറവേറ്റണമെന്ന വ്യവസ്ഥയിൽ വിഴിഞ്ഞം ഹാർബർ ഏരിയ ഗവ.എൽ.പി.സ്കൂൾ യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം അംഗീകരിക്കാമോ